**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1470** **12-02-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ എത്ര എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആശുപത്രികൾ പുതുതായി അനുവദിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇ.എസ്.ഐ ആശുപത്രികൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരിന് കീഴിലുള്ള ഇ.എസ്.ഐ കോർപ്പറേഷനാണ്. പെരുമ്പാവൂരിൽ 100 കിടക്കകളുള്ള ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിന് 08.02.2013 ൽ ഇ.എസ്.ഐ കോർപ്പറേഷൻ അനുമതി നൽകുകയും മതിയായ പരിരക്ഷിത വ്യക്തികൾ ഇല്ലാത്തതിനാൽ 18.02.2015 ൽ മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. ഈ ആശുപത്രിയ്ക്ക് 13.05.2022 ൽ ഇ.എസ്.ഐ കോർപ്പറേഷൻ വീണ്ടും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ 100 കിടക്കകളുള്ള ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിന് 2022 ഡിസംബറിൽ ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത രണ്ട് ആശുപത്രികളും പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | കിനാലൂർ വ്യവസായ വികസന കേന്ദ്രം ഉൾപ്പെടെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ ആശുപത്രി അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ബാലുശ്ശേരിയിൽ നിന്നും ഏകദേശം 40 കി.മി ദൂരത്ത് കോഴിക്കോട് ജില്ലയിൽ ഫറോക്ക് ഇ.എസ്.ഐ ആശുപത്രി പ്രവർത്തിച്ചു വരുന്നു. ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡ പ്രകാരം ബാലുശ്ശേരിയിൽ 100 കിടക്കകളുള്ള ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിന് ആ പ്രദേശത്ത് കുറഞ്ഞത് 50,000 പരിരക്ഷിത വ്യക്തികൾ ആവശ്യമാണ്. നിലവിൽ കോഴിക്കോട് ജില്ലയിൽ ആകെ 80,837 പരിരക്ഷിത വ്യക്തികളാണുള്ളത്. ബാലുശ്ശേരിയിൽ ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരും ഇ.എസ്.ഐ കോർപ്പറേഷനും അനുമതി നൽകിയിട്ടുണ്ട്. ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡം പ്രകാരം അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്ന മുറയ്ക്ക് പ്രസ്തുത ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ